**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1228 — 21.3.2013 ൽ മറുപടിയ്ക്ക്

## വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സാമ്പത്തിക സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് ഈ സാമ്പത്തിക വർഷം ലഭിച്ച സാമ്പത്തിക സഹായത്തിന്റെ വിശദവിവരം നൽകാമോ ; | എ) | വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഈ സാമ്പത്തിക വർഷം (2012-13) ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 50 കോടി രൂപയ്ക്ക് പുറമെ 85 കോടി രൂപ അധികമായി സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത ധനസഹായം ഏതെല്ലാം മേഖലകളിലാണ് ഉപയോഗിച്ചതെന്ന് വ്യക്തമാക്കുമോ ; | ബി) | പൊതുവിപണിയിലെ അവശ്യഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ 13 ഇനം അവശ്യവസ്തുക്കൾ വിപണിവിലയേക്കാൾ ഏകദേശം 50% വരെ വിലകുറച്ച് വിൽക്കുന്നു. ഇങ്ങനെ വിൽക്കുമ്പോളുണ്ടാകുന്ന നഷ്ടം നികത്തുന്നതിലേയ്ക്കാണ് ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം വിനിയോഗിക്കുന്നത്. |
| സി) | ഇതുമൂലമുണ്ടായനേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | സി) | സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി പ്രകാരം പൊതുവിപണിയിലെ ക്രമാതീതമായ വിലക്കയറ്റം ഒരു പരിധി വരെ പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്. |

Beenan

സെക്ഷൻ ഓഫീസർ